**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1879 — 15.07.2016 ന് മറുപടിയ്ക്ക്.

## കാർഷിക മേഖലകളിൽ കാട്ടാനശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാർഷിക മേഖലകളിൽ കാട്ടാനകൾ ഇറങ്ങി വിളനാശവും, ആൾനാശവും ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട പരാതികളിൻമേൽ എന്തു നടപടിയാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) കാർഷിക മേഖലകളിൽ കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശവും ആൾനാശവും ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൂടാതെ, പ്രശ്നബാധിത മേഖലകളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാട്ടാനകൾ നാട്ടിലേക്കിറങ്ങാതിരിക്കാൻ മതിൽ, കിടങ്ങ്, സൗരോർജ്ജ വേലി എന്നിവ നിർമ്മിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ